(ബി) പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി, വയനാട് എന്നീ ജില്ലകളെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളായാണ് പരിഗണിക്കുന്നത്.

(ബി, സി) വ്യാവസായിക മേഖലയിൽ പിന്നോക്കജില്ലയായി പരിഗണിക്കപ്പെടുന്ന ജില്ലകൾക്കുമാത്രമായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഈ ജില്ലകളിൽ പുതുതായി വ്യവസായം തുടങ്ങുന്നവർക്ക്, മറ്റ് ജില്ലകളിൽ വ്യവസായം തുടങ്ങുന്നവരെ അപേക്ഷിച്ച് ഉയർന്ന നിരക്കിൽ മൂലധന സബ്സിഡി നൽകുന്നതാണ്. ഈ ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ നിരക്കിലും, ത്രസ്റ്റ് (Thrust) യൂണിറ്റുകളാണെങ്കിൽ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25% പരമാവധി 25 ലക്ഷം രൂപ നിരക്കിലും മൂലധന സബ്സിഡി നൽകുന്നതാണ്. ഇത് മറ്റു ജില്ലകളിൽ 10% പരമാവധി 5 ലക്ഷം രൂപയും ത്രസ്റ്റ് യൂണിറ്റുകൾക്ക് 15% പരമാവധി 15 ലക്ഷം രൂപയുമാണ്.

കിൻഫ്രയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇൻറർനാഷണലും തമ്മിലുള്ള ധാരണാപത്രം

3 [4855] ശ്രീ. വി. ബാലറാം:
„ ജോർജ്ജ് ജെ. മാത്യു :
„ തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇൻറർനാഷണലും തമ്മിൽ എന്തെങ്കിലും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്പനിയുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്;

(സി) ഇതിൽ കിൻഫ്രയുടെയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇന്റർനാഷണലിന്റേയും മുതൽമുടക്ക് എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കിൻഫ്രയും ക്രിയേറ്റീവ് ഇൻഫോസിറ്റി ഇൻറർനാഷണലും തമ്മിൽ 27-4-2003-ൽ തിരുവനന്തപുരത്ത് വച്ച് ഒരു ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത ധാരണാപത്രം പ്രകാരം കിൻഫ്രയുടെ കൊച്ചിയിൽ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ ടി കമ്പനിയുമായി ചേർന്ന് ഒരു ഐ. റ്റി. സോൺ വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒപ്പുവച്ച പൊതുവായ ധാരണാപത്രം പ്രകാരം വിശദമായ സാദ്ധ്യതാ പഠനത്തിന് ശേഷം മാത്രമേ ഐ. ടി. സോൺ വികസിപ്പിക്കുന്നതിനെ പറ്റിയുള്ള അന്തിമ തീരുമാനമെടുക്കുകയുള്ളൂ. പ്രസ്തുത ധാരണാപത്രത്തിന്റെ കാലാവധി 90 ദിവസമായതിനാൽ അതിന്റെ കാലാവധി കഴിഞ്ഞു. ടി പദ്ധതിയുമായി മുന്നോട്ടു പോകുവാനായി ക്രിയേറ്റീവ് ഇൻഫോസിറ്റി ഇന്റർനാഷണൽ പിന്നീട് കിൻഫ്രയെ സമീപിച്ചിട്ടില്ല.

കിൻഫ്രയുടെ വ്യവസായ പാർക്കുകളുടെ കപ്പാസിറ്റി

4 [4856] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, അടൂർ പ്രകാശ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ വ്യവസായ പാർക്കുകളുടെ മുഴുവൻ കപ്പാസിറ്റിയും വ്യവസായികൾ ഉപയോഗിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ വ്യവസായ പാർക്കുകളിൽ ഉപയോഗയോഗ്യമാക്കാവുന്ന എത്ര സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കിൻഫ്രയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയായ പാർക്കുകളിൽ ചുരുക്കം ചിലതിൽ സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി നൽകുന്നതിനുള്ള കാലതാമസം കാരണം സ്ഥലം ഏറ്റെടുക്കാൻ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് യഥാസമയം വ്യവസായങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ കിൻഫ്രയുടെ ചില പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ഭൂമി അലോട്ട് ചെയ്യുവാൻ ബാക്കിയുണ്ട്. എന്നാൽ അടുത്ത കാലത്ത് പ്രസ്തുത പാർക്കുകളിൽ വൈദ്യുതി ലഭ്യമായിട്ടുണ്ട്. ഇതേ തുടർന്ന് കൂടുതൽ സംരംഭകർ സ്ഥലം ഏറ്റെടുക്കാൻ രജിസ്റ്റർ ചെയ്തുവരുന്നു.

(സി) കിൻഫ്രയുടെ കൈവശമുള്ളതും പൂർണ്ണ ഉടമസ്ഥതയിലുള്ളതുമായ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ഏകദേശം 286.95 ഏക്കർ ഭൂമി അലോട്ട് ചെയ്യുവാൻ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly